# കേരള സംസ്ഥാന ഗതാഗത പദ്ധതി

# (കെ.എസ്.ടി.പി - II)

# പരിസ്ഥിതി പരിപാലന ചട്ടക്കൂട്

# (ഇ.എം.എഫ്)

## സംക്ഷിപ്ത രൂപം

**ഫെബ്രുവരി 2013**

പൊതുമരാമത്ത് വകുപ്പ്

കെ.എസ്.ടി.പി - II

പ്രോജക്ട് മാനേജ്മെന്റ് ടീം

റ്റി.സി.നം.11/339, കെസ്റ്റൺ റോഡ്

നന്ദൻകോട്, കവടിയാർ.പി.ഒ

തിരുവനന്തപുരം

# സംക്ഷിപ്ത രൂപം

കേരള സംസ്ഥാന ഗതാഗത പദ്ധതിക്കു വേണ്ടി തയ്യാറാക്കിയ പരിസ്ഥിതി പരിപാലന ചട്ടക്കൂടിൻെറ മുഖ്യമായ ഉദ്ദേശം, ഈ പദ്ധതി പ്രകാരം ഏറ്റെടുത്ത് നടത്തുന്ന റോഡുകൾക്ക് വേണ്ടി തയ്യാറാക്കുന്ന പരിസ്ഥിതി പരിപാലന പരിപാടി (ഇ.എം.പി) ക്ക് ആവശ്യമായ ഒരു അടിസ്ഥാന ചട്ടക്കൂട് ഉണ്ടാക്കുക എന്നതാണ്. ലോക ബാങ്കിൻെറ പരിസ്ഥിതി സംബന്ധിച്ച അനുമതി ഇതുവരെ ലഭ്യമല്ലാത്ത റോഡുകൾക്കാണ് ഇത് ബാധകമാകുക.

***ഇതിൻെറ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്***

- ഈ പദ്ധതിക്കു വേണ്ടിയുള്ള പരിസ്ഥിതി അവലോകനം ലോക ബാങ്കിൻെറ ഒ.പി 4.01 പ്രകാരവും ഇന്ത്യൻ പരിസ്ഥിതിയുമായി ബന്ധപ്പെട്ടുള്ള നിയമങ്ങൾക്ക് വിധേയമായിരിക്കേണ്ടതാണ്.
- ഇ.എം.എഫ് പ്രകാരം ബാക്കിയുള്ള റോഡുകൾക്ക് പരിസ്ഥിതി പരിപാലന പരിപാടി (ഇ.എം.പി) തയ്യാറാക്കുക.
- വിവിധങ്ങളായ പാരിസ്ഥിതി പ്രശ്നങ്ങളിൽ തീരുമാനമെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക.
- പരിസ്ഥിതി പരിപാലന പരിപാടി കരാർ പണികളുടെ രേഖകളിൽ ഇ.എം.എഫ് പ്രകാരം കൃത്യമായി ഉൾപ്പെടുത്തി പ്രാവൃത്തികമാക്കുക.

മേല്പറഞ്ഞ ഇ.എം.എഫ് പ്രകാരം കെ.എസ്.ടി.പി ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ പരിസ്ഥിതി അവലോകനം നടത്തി ആവശ്യമായ പരിസ്ഥിതി പരിപാലന പരിപാടി തയ്യാറാക്കുന്നതായിരിക്കും. ഈ പഠനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മേല്പറഞ്ഞ പഠന റിപ്പോർട്ടുകൾ, ഇ.എം.പി മുതലാവയ ലോക ബാങ്കിൻെറ അനുമതിയ്ക്ക് സമർപ്പിക്കുന്നതാണ്. ലോക ബാങ്കിൻെറ അനുമതി ലഭിച്ചാൽ ഉടൻ തന്നെ പരിസ്ഥിതി പരിപാലന പരിപാടി (ഇ.എം.പി) കരാർ രേഖകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി കരാറുകാർ വഴി യഥാവിധി നടപ്പിലാക്കുന്നതാണ്. കേരളം പാരിസ്ഥിതി പ്രാധാന്യം കൊണ്ട് കാറ്റഗറി 'A' ഗണത്തിൽപ്പെടുന്നു. ആയതിനാൽ ലോകബാങ്കിൻെറ പാരിസ്ഥിതിക പരിരക്ഷ നയപരിപാടികൾക്ക് വിധേയമായി ബാക്കിയുള്ള റോഡ് വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

ഇ.എം.എഫ് പ്രധാനമായി നാല് സെക്ഷനുകളായി തിരിച്ചിട്ടുണ്ട്.

***സെക്ഷൻ -1*** ൽ പദ്ധതിയുടെ പൊതു വിവരണവും, കംപോണന്റ് 'A' യിൽ ഉൾപ്പെടുത്തിയ റോഡുകളുടെ വിവരങ്ങൾ, ഇ.എം.എഫ് നെക്കുറിച്ചുള്ള ലഘു വിവരണം എന്നിവയാണ്.

***സെക്ഷൻ - 2*** ൽ പരിസ്ഥിതി പഠനത്തിൻെറ വിശദ വിവരണവും, ലോക ബാങ്കിൻെറ പരിസ്ഥിതി സംബന്ധമായ നയങ്ങളും, പരിസ്ഥിതി പരിപാലന പരിപാടി രൂപീകരിയ്ക്കുന്നതിന് ആവശ്യമായ വിവരങ്ങൾ മുതലായവ.

***സെക്ഷൻ - 3*** ൽ പരിസ്ഥിതി പരിപാലന പരിപാടി തയ്യാറാക്കുന്നതിനുള്ള ആവശ്യകത, അത് കരാർ രേഖകളിൽ ഉൾപ്പെടുത്തേണ്ട വിധം എന്നിവ പ്രതിപാദിയ്ക്കുന്നു.

***സെക്ഷൻ - 4*** ൽ മേല്പറഞ്ഞ റിപ്പോർട്ടുകൾ പൊതു ജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നതിനുള്ള ആവശ്യം, മറ്റ് റോഡുകൾക്കു വേണ്ട റിപ്പോർട്ടിൻെറ സംക്ഷിപ്ത രൂപം, പരിസ്ഥിതി അവലോകന പഠനം, പരിസ്ഥിതി പരിപാലന പരിപാടി എന്നിവയാണ്.